പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 6348 — 11.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിന് കേന്ദ്രസർക്കാർ പ്രതിവർഷം എത്ര കിലോലിറ്റർ മണ്ണെണ്ണയാണ് അനുവദിക്കുന്നത് ; ഇതിൽ പൊതുവിതരണ ശൃംഖലവഴി മത്സ്യമേഖലയ്ക്ക് അനുവദിക്കുന്നത് എത്ര കിലോ ലിറ്ററാണ്; | (എ) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് പ്രതിമാസം **15960** കിലോ ലിറ്റർ മണ്ണെണ്ണയാണ് പാചകത്തിനും വിളക്ക് തെളിയിക്കുവാനുമായി അനുവദിച്ച് വന്നിരുന്നത്. എന്നാൽ **2012** ഏപ്രിൽ മാസം മുതൽ നിലവിലുള്ള വിഹിതമായ **15960** കിലോ ലിറ്ററിൽ നിന്നും **5944** കിലോ ലിറ്റർ വെട്ടിക്കുറച്ച് **10016** കിലോ ലിറ്റർ മണ്ണെണ്ണയാണ് നൽകി വരുന്നത്. ഇതിൽ നിന്നും പൊതുവിതരണ ശൃംഖല വഴി മത്സ്യമേഖലയ്ക്ക് **2532** കിലോ ലിറ്ററാണ് പ്രതിമാസം അനുവദിച്ച് വിതരണം ചെയ്തുവരുന്നത്. |
| (ബി) | മത്സ്യമേഖലയിൽ ഒരു വർഷം എത്ര കിലോലിറ്റർ മണ്ണെണ്ണ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്; | (ബി) | മത്സ്യമേലയിൽ ഒരു വർഷം **156756** കിലോ ലിറ്റർ മണ്ണെണ്ണ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ പ്രതിമാസം **2532** കിലോ ലിറ്റർ മണ്ണെണ്ണയാണ് പൊതു വിതരണ ശൃംഖല വഴി വിതരണം ചെയ്തുവരുന്നത്. |
| (സി) | തമിഴ്നാട് സർക്കാർ ചെയ്യുന്നത് പോലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും മണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത് ഉടൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇത് സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ